# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 20 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

## ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തിന് കൊടിയിറങ്ങി

ഉദയാസ്തമന പൂജയും പടിപൂജയും കഴിഞ്ഞ് 19ന് രാത്രി ഒന്പ തിന് ഹരിവരാസനം പാടി നടയടച്ചതോടെ ഈ വര്ഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തിന് പരിസമാപ്തിയായി. നടയടച്ചതിന് ശേഷം മാളികപ്പുറത്ത് ഗുരുതിയും നടത്തി. ബുധനാഴ്ച്ച (ജനുവരി 20) ദര്ശനം പന്തളം രാജപ്രതിനിധികള്ക്ക് മാത്രമായിരുന്നു. രാവിലെ അഞ്ചിന് നട തുറന്നു. ഗണപതി ഹോമത്തിന് ശേഷം 6.45ന് പന്തളം രാജപ്രതിനിധികളായ പ്രദീപ് കുമാര് വര്മ്മ്, സുരേഷ് വര്മ്മ)എന്നിവര് ദര്ശ നം നടത്തി. തുടര്ന്ന് ഹരിവരാസനം പാടി മേല്ശാന്തി വി.കെ. ജയരാജ് പോറ്റി നടയടച്ചു.

ഇതിന് മുമ്പായി തിരുവാഭരണങ്ങള് കാല്നടയായി പന്തളം കൊട്ടാരത്തിലേക്ക് എഴുന്നള്ളിച്ചു. കുംഭമാസ പൂജകള്ക്കായി ശബരിമല ക്ഷേത്രനട ഫെബ്രുവരി 12ന് വൈകുന്നേരം തുറക്കും. 17ന് രാത്രി നട അടക്കും.

(പി.ആര്‍. ശബരി - (220)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.